(ഡി) കർഷകരുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് ഗ്ലോബൽ അഗ്രോ മീറ്റ് കാർഷിക രംഗത്ത് ഒരു മുന്നേറ്റം തന്നെ സൃഷ്ടിക്കുന്നതിന് കളമൊരുക്കിയ പശ്ചാത്തലത്തിൽ വരും വർഷങ്ങളിലും മീറ്റ് സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും. 2015-ൽ പ്രസ്തുത മീറ്റ് നവംബർ 6 മുതൽ 8 വരെ നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. 2014 നവംബറിൽ ചേർന്ന മീറ്റിൽ ചർച്ച ചെയ്ത വിഷയങ്ങളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ചുവരുന്നു.

അംഗൻവാടികൾക്ക് കെട്ടിടം

25 (*295) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് വാടക നൽകാൻ കഴിയാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഒരോ അംഗൻവാടികൾക്കും വാടകയിനത്തിൽ നിലവിൽ എത്ര തുകയാണ് സർക്കാരിൽ നിന്നും നൽകുന്നത് ; ഇത് ഇന്നത്തെ സാഹചര്യത്തിൽ പര്യാപ്തമാണോ ;

(ഡി) വാടകയിനത്തിൽ അംഗൻവാടികൾക്ക് നൽകേണ്ടുന്ന തുകയിൽ ഇപ്പോൾ കുടിശ്ശികയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്.

(ബി) അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പദ്ധതികൾ ഒന്നും തന്നെ നിലവിലില്ല. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങാൻ വ്യവസ്ഥയുണ്ട്. കൂടാതെ സർക്കാർ ഭൂമി, പുറമ്പോക്ക് ഭൂമി, സ്കൂൾ കോമ്പൗണ്ടുകൾ, സൗജന്യമായി ജനങ്ങളിൽ നിന്നും ഭൂമി സ്വീകരിക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അംഗൻവാടി കെട്ടിടങ്ങളുടെ പുതുക്കിയ നിരക്കിലുള്ള വാടക താഴെപ്പറയും പ്രകാരമാണ് :

	നിലവിലുള്ള നിരക്ക്	പുതുക്കിയ നിരക്ക്
റൂറൽ/ട്രൈബൽ	200 രൂപ	750 രൂപ
അർബൻ	750 രൂപ	3,000 രൂപ

ഐ.സി.ഡി.എസ്. മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പുതുക്കിയ വാടക നിരക്കുകൾ ലഭ്യമാക്കണമെങ്കിൽ അങ്കണവാടികൾക്ക് 500 മുതൽ 600 ചതുരശ്ര അടി വിസ്തീർണ്ണം ഉണ്ടായിരിക്കണം. ആയതിനാൽ ടി മാനദണ്ഡങ്ങൾ പാലിക്കുന്ന അംഗൻവാടികളുടെ വിവരങ്ങൾ ശേഖരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) നിലവിൽ കുടിശ്ശിക ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

കുടിശ്ശികയുള്ള അംഗൻവാടികളുടെ എണ്ണം		തുക
തിരുവനന്തപുരം	1386	13,06,800 രൂപ
കൊല്ലം	52	2,27,150 രൂപ
പാലക്കാട്	5 പ്രോജക്ടുകൾ	1,13,200 രൂപ

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

26 (*296) ശ്രീ. എ. പ്രദീപ് കുമാർ :

ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരപ്രദേശങ്ങളിൽ തൊഴിലുറപ്പ് പദ്ധതി വ്യാപിപ്പിക്കുന്നതിനോടുള്ള നയം വ്യക്തമാക്കാമോ ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ബി) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; നാളിതുവരെ ഈ പദ്ധതിക്ക് അനുവദിച്ച ഫണ്ടിനെ സംബന്ധിച്ച കണക്ക് ലഭ്യമാണോ ;

(സി) പദ്ധതി നടപ്പാക്കുന്നതിന് കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും ആവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly